**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 942** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ റീസ്റ്റോറേഷൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ മാലോത്ത് വില്ലേജ് അത്തിയടുക്കം വെസ്റ്റഡ് ഫോറസ്റ്റിൽ ഉൾപ്പെടാത്തതും കാലങ്ങളായി കൃഷിക്കാരുടെ കൈവശത്തിൽ ഉള്ളതും നികുതി ഒടുക്കി വരുന്നതുമായ ഭൂമിയുടെ റീസ്റ്റോറേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ഡിവിഷനിലെ കാഞ്ഞങ്ങാട് റെയിഞ്ചിന് കീഴിൽ മഞ്ചുചോല മലവാരം നിക്ഷിപ്തവനത്തോട് ചേർന്നുള്ള മാലോത്ത് വില്ലേജിൽ അത്തിയടുക്കം എന്ന പ്രദേശത്ത് Kerala Private Forests (Vesting and Assignment) Act 1971 പ്രകാരമുള്ള 18 ഒ.എ കേസുകളിൽ (OA No. 29/2017 - OA No. 35/2017, OA No. 37/2017 - OA No. 42/2017, OA No. 2/2018 - OA No. 4/2018, OA No. 40/2018 - OA No. 41/2018) ഉൾപ്പെട്ട ബഹു.ഫോറസ്റ്റ് ട്രൈബ്യൂണൽ കോഴിക്കോട്, നിക്ഷിപ്തവനം അല്ലായെന്ന് ഉത്തരവായിട്ടുള്ള 40.97 ഏക്കർ സ്ഥലം വിട്ടുനൽകുന്നതിനുള്ള ശിപാർശയിൻമേൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) & നിക്ഷിപ്തവനപാലകൻ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കൃഷിക്കാർക്ക് ഭൂമി വിട്ടുകൊടുക്കുന്ന നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | അസിസ്റ്റന്റ് ഡയറക്ടർ, ഫോറസ്റ്റ് മിനി സർവ്വേ, കോഴിക്കോട്, സമർപ്പിച്ച മേൽ ഒ.എ കേസുകളിൽ ഉൾപ്പെട്ട സ്ഥലങ്ങളുടെ അംഗീകൃത സർവ്വേ സ്കെച്ചുകളുടെ പരിശോധന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ